## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8019 — 24.07.2012 ൽ മറുപടിയ്ക്ക്

## തൃശ്ശൂർ-കോഴിക്കോട്, തൃശ്ശൂർ-ഗുരുവായൂർ റൂട്ടിലെ സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ

| ചോദ്യം<br>ശ്രീ.സി.പി. മുഹമ്മദ് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) തൃശ്ശൂർ-കോഴിക്കോട്, തൃശ്ശൂർ-ഗുരുവായൂർ റൂട്ടിലെ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ മാനദണ്ഡങ്ങൾ പാലിക്കാതെ ഫാസ്റ്റ് പാസഞ്ചറുകളും, സൂപ്പർ ഫാസ്റ്റുകളുമാക്കി മാറ്റിക്കൊണ്ട് അമിത ചാർജ്ജ് ഈടാക്കി യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) യാത്രക്കാരുടെ എണ്ണം, സീറ്റുകളുടെ വലിപ്പം, സീറ്റുകളുടെ അകലം എന്നിവ നിയമാനുസൃതം ബസ്സുകളിൽ പാലിക്കപ്പെടാതെ അമിത ചാർജ്ജ് വസൂലാക്കി സർവ്വീസ് നടത്തുന്ന ഇത്തരം ബസ്സ് ഓപ്പറേറ്റർമാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | മോട്ടോർ വാഹന നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരമുള്ള ആവശ്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയതിന് ശേഷമാണ് ബസ്സുകൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ, പരിശോധിച്ച്, ആവശ്യമെങ്കിൽ ഫിറ്റ്നസ്സ് റദ്ദാക്കുക , പിഴ ഈടാക്കുക തുടങ്ങിയ ശിക്ഷാ നടപടികൾ മോട്ടോർ വാഹന നിയമത്തിനു വിധേയമായി സ്വീകരിക്കുന്നുണ്ട്. |
| (സി) ഇതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി ഓർഡിനറി ടൗൺ ടു ടൗൺ സർവ്വീസുകൾ കൂടുതലായി അനുവദിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) സ്വകാര്യ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ് എന്നീ ബസ്സ് സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ